ധനസഹായപദ്ധതിയായ തീരസമൃദ്ധി പദ്ധതിപ്രകാരം സംസ്ഥാനത്ത് വീടുകളുടെ അറ്റകുറ്റപണികൾ തീർക്കാനും കക്കൂസുകൾ നിർമ്മിക്കാനുമായി 4,000 പേർക്ക് ധനസഹായം നൽകി. തീരസമൃദ്ധി പദ്ധതി 2002-03 സാമ്പത്തിക വർഷം മാത്രം നടപ്പിലാക്കിയ പദ്ധതിയാണ്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) 1500 പേർക്ക് 40,000 രൂപ വീതം ഭവനനിർമ്മാണ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ മൊത്തം ചെലവ് 600 ലക്ഷം രൂപയാണ്. ഭവനങ്ങളുടെ അറ്റ കുറ്റപ്പണി, കക്കൂസ് നിർമ്മാണം എന്നിവ സംബന്ധിച്ച് തീരസമൃദ്ധി 2002-03 വർഷം മാത്രം നടപ്പാക്കിയ പദ്ധതിയാണ്.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം

28 [5404] ശ്രീ. ഡി. സുഗതൻ:
„ കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. പി. അനിൽ കുമാർ:
„ വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇനി എത്ര മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽക്കൂടി ശുദ്ധജലം എത്തിക്കുവാനുണ്ട്;

(സി) ഇനിയും ശുദ്ധജലം ലഭിക്കാത്ത മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിക്കുവാൻ പരിപാടിയുണ്ടോ;

(ഡി) അതിന്റെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷം ഇതിനുവേണ്ടി എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 87 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ.

(ബി) 135 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഭാഗികമായി ശുദ്ധജലം എത്തിക്കുവാനുണ്ട്. ഇവിടെ ഗ്രാമ പഞ്ചായത്ത് പദ്ധതി മുഖേന ഭാഗികമായി ശുദ്ധജലം ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ എല്ലാ ജില്ലകളിലും ഒരുമിച്ച് നടപ്പിലാക്കുന്നതാണ്.

(ഇ) ഓരോ വർഷവും 6 കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly